# Springs

DIGITAL MAGAZINE2024





# ഓർമ്മകളുടെ തത്തമ്മച്ചിത്രം

ഞാനന്ന് മൂന്നിലോ നാലിലോ.
കൃത്യമായി ഓർമയില്ല.
സ്കൂൾ വിട്ട് വൈകുന്നേരം വീട്ടിലെത്തിയ എന്നെ കോലായിൽ നിന്ന് ധൃതിപ്പെട്ട് ഉമ്മ അടുക്കളയിലേക്ക് നയിച്ചു.
എന്തോ കാര്യമായുള്ളതുപോലെ.

പോയി നോക്കുമ്പോൾ അടുക്കള നിലത്ത് ഒരു തക്കാളിപ്പെട്ടി. അതിൽ കുറച്ചു വൈക്കോൽ. വൈക്കോൽത്തുറുവിലേക്ക് സൂക്ഷിച്ചുനോക്കുമ്പോൾ അതാ പറക്കമുറ്റാത്ത മൂന്നു കിളിക്കുഞ്ഞുങ്ങൾ. ചിറകുമുളച്ചിട്ടില്ല.. തൂവലുമില്ല. 'തത്തക്കുട്ടികളാണ്'
ഉമ്മ പരിചയപ്പെടുത്തി.
ഞാൻ കൗതുകത്തോടെ നിലത്തിരുന്നു.
'എങ്ങനെ കിട്ടി'?

കാരേങ്ങൽ വീരാൻകുട്ടിക്കയുടെ മകൻ മാനവിന് മരം മുറിക്കുന്നതിനിടയിൽ കിട്ടിയതായിരുന്നു ഒരു തത്തമ്മയെയും അതിന്റെ നാലു കുഞ്ഞുങ്ങളെയും. അതിൽ മൂന്നു കുഞ്ഞുങ്ങളെ ഞങ്ങളുടെ വീട്ടിലേല്പിക്കുകയായിരുന്നു അയാൾ. പിറ്റേന്ന് മാനു, വീട്ടിൽ വന്ന് അതിലൊന്നിനെക്കൂടി കൊണ്ടുപോയി. തലേന്ന് തത്തമ്മയോടൊപ്പം അയാൾ കൊണ്ടുപോയ കുഞ്ഞിനെ പൂച്ച കടിച്ചുകൊണ്ടുപോയത്രെ!

ഏതായാലും ഞങ്ങളുടെ രണ്ടു തത്തക്കുഞ്ഞുങ്ങൾ വേഗം വളർന്നു.
പാലും പഴവും ചോറുമൊക്കെയായി ഞാനും ബിന്ദുവും മത്സരിച്ച് അവയെ തീറ്റി.
ഒരു വൈകുന്നേരം ഉപ്പ വരുമ്പോൾ കൈയ്യിൽ വൃത്താകൃതിയിലുള്ള ഒരിരുമ്പുകൂട്.
തക്കാളിപ്പെട്ടിയിൽ നിന്നും അതോടെ തത്തകളുടെ ജീവിതം അപ്ഗ്രേഡ് ചെയ്യപ്പെട്ടു.

തത്തകൾക്കെപ്പോഴും സന്തോഷമാണ്.
അവ ചെറിയ ശബ്ദത്തോടെ ചിറകടിക്കും. ഉച്ചത്തിൽ ചിലക്കും. ക്രമേണ ഞങ്ങൾ പറയുന്നതിനനുസരിച്ച് 'തത്തമ്മേ പൂച്ച പൂച്ച' എന്നവ പറയാൻ പഠിച്ചു. ബിന്ദുവും ഞാനും സ്കൂൾ വിട്ട് വരുന്നത് കാണുമ്പോൾ അവ ശബ്ദമുണ്ടാക്കി ഞങ്ങളുടെ ശ്രദ്ധ ക്ഷണിക്കും.

ഒരു ദിവസം ഉപ്പ അതിലൊന്നിനെ കൂട്ടിൽ നിന്ന് പുറത്തിറക്കി കൈയ്യകലത്തിൽ വച്ചു. ഇല്ല, വിട്ടുപോകുന്നില്ല. ധൈര്യമായി.
അടുത്തതിനെയും വെളിയിലിറക്കി. അടുക്കളയിൽ ചെറുതായൊന്നു ചുറ്റിക്കറങ്ങി അതിലൊന്ന് കൂട്ടിലേക്ക് തന്നെ കയറി. മറ്റേതിനെ ഉമ്മ പിടിച്ച് കൂട്ടിലാക്കി മെല്ലെ കിളിവാതിലടച്ചു.

എനിക്ക് അടക്കാൻ വയ്യാത്ത സന്തോഷം. തത്തകൾ ഇണങ്ങിയിരിക്കുന്നു.
ഇനിയവ ഒരിക്കലും ഞങ്ങളെ വിട്ടുപോകില്ല.

അങ്ങനെ ആ രണ്ടു തത്തക്കുഞ്ഞുങ്ങൾ എന്റെയും ബിന്ദുവിന്റെയും ആനന്ദവും ആവേശവുമായി വളർന്നു...

സ്കൂൾ വിട്ടു വന്നാലും ഉറങ്ങാൻ പോകുമ്പോഴും കാലത്തെണീറ്റാലുമൊക്കെ ഞങ്ങൾക്കവയെ കാണണം. തത്തമ്മേ പൂച്ച പൂച്ച എന്ന് കൊഞ്ചിക്കുഴയണം. ചോറും പഴവും കൊടുക്കണം.



മറ്റൊരുനാൾ സ്കൂൾ വിട്ടുവരുമ്പോൾ ഉമ്മ മുറ്റത്ത് നിൽക്കുന്നു,
മുഖം ഒട്ടും പ്രസന്നമല്ല.
ഞാൻ അടുക്കള ഭാഗത്തേക്ക് ഓടി.
കൂട്ടിൽ തത്തകളില്ല. ബിന്ദുവും ഞാനും എല്ലായിടത്തും തിരഞ്ഞു.
എവിടെ ഞങ്ങടെ തത്തകൾ?

ആദ്യമൊന്നും ഉമ്മ വിട്ടു പറഞ്ഞില്ല.
ക്രമേണ ഉമ്മ കാര്യങ്ങൾ വിശദീകരിച്ചു.
എന്തോ കാര്യത്തിന് അന്നുച്ച മുതൽ ഉപ്പ ആകെ ദേഷ്യത്തിലായിരുന്നത്രെ. ഓരോന്ന് പറഞ്ഞ് ഉപ്പ വീടാകെ ഒച്ചയെടുത്ത് നടന്നു. അതിനിടെ കൂട്ടിലെ തത്തകൾ ഉച്ചത്തിൽ ചിലക്കുന്നത് കേട്ടപ്പോൾ ഉപ്പക്ക് അരിശം പിന്നെയും കൂടി. കൂട് തുറന്ന് തത്തകളെ തുറന്നുവിട്ടു. അവ കൂടുതൽ ഒച്ചയുണ്ടാക്കി അടുക്കളവട്ടത്തിൽ തന്നെ ചിറകടിച്ചു പറന്നു. അതുകൂടിയായപ്പോൾ ഉപ്പക്ക് പിന്നെയും പിന്നെയും കലികൂടിയിരിക്കണം. തത്തകളെ മുറ്റത്തേക്കും പിന്നെ പറമ്പിലേക്കും ആട്ടിയോടിച്ചു.
അവക്ക് വിട്ടു പോകാൻ താത്പര്യമുണ്ടായിരുന്നില്ല.
വേലിക്കൽ പറന്നിരുന്ന തത്തകളെ കല്ലെടുത്തെറിഞ്ഞും ആട്ടിയും ഉപ്പ ദൂരെയാകാശങ്ങളിലേക്ക് ഓടിച്ചുവിട്ടു.

കേട്ടപ്പോൾ എനിക്കാകെ സങ്കടമായി. ഞാനന്ന് വൈകുന്നേരം ചായ കുടിച്ചില്ല. രാത്രി ഭക്ഷണം കഴിച്ചില്ല.
ഉപ്പ വന്ന് അനുരഞ്ജനത്തിന് ശ്രമിച്ചു. എനിക്കപ്പോൾ ഉപ്പയോടുള്ള ദേഷ്യവും സങ്കടവുമൊക്കെ കൂടിക്കൂടി വന്നു.
രാത്രി ഏങ്ങിയേങ്ങിക്കരഞ്ഞ് ഞാനെപ്പോഴോ ഉറങ്ങിയിരിക്കണം.

പിറ്റേന്ന് ഞങ്ങൾ സ്കൂളിൽ പോയ സമയം. രാത്രി ഉമ്മ പറഞ്ഞാണറിഞ്ഞത്,
ഉച്ചയോടെ ആ രണ്ടു തത്തകൾ വീടിനു മുമ്പിലെ വേലിക്കൽ വന്ന് തത്തമ്മേ പൂച്ച പൂച്ച എന്ന് ഉറക്കെ ചിലച്ചു.
ഇനിയീ വീട്ടിൽ തത്തകൾ വേണ്ടെന്ന്
ഉപ്പ തീർച്ചപ്പെടുത്തിയിരിക്കണം; വേലിക്കൽ നിന്നും അവയെ ഉപ്പ വീണ്ടും ആട്ടിയോടിച്ചു. ഒന്നു വട്ടം ചുറ്റി അവ വീണ്ടും മുരിങ്ങക്കൊമ്പിൽ വന്നിരുന്നു. ഉണക്കാനിട്ടിരുന്ന മട്ടലെടുത്ത് ഉപ്പ വീണ്ടുമെറിഞ്ഞു. അവ ദൂരെ ഏതോ ആകാശങ്ങളിലേക്ക് പറന്നകന്നു.
ഒരിക്കലും തിരിച്ചുവരാത്തത്ര ദൂരെ ദൂരെ ആകാശങ്ങളിലേക്ക്...

തത്തക്കുഞ്ഞുങ്ങൾ വരും വരും



എന്നു കരുതി എത്രയോ വൈകുന്നേരങ്ങളിൽ ഞാൻ വേലിക്കലേക്ക് നോക്കിയിരുന്നു.
ക്രമേണ ആ കാത്തിരിപ്പ് മറ്റേതൊക്കെയോ കാത്തിരിപ്പുകൾക്ക് വഴിമാറി...
ബാല്യം, കൗമാരം,യൗവനം...

കക്കോവങ്ങാടിയിൽ വെച്ച് ഈയടുത്തൊരു ദിവസം മാനക്കയെക്കണ്ടപ്പോഴാണ് ഞങ്ങളുടെ പ്രിയപ്പെട്ട തത്തക്കുഞ്ഞുങ്ങളെ ദശകങ്ങൾക്ക് ശേഷം ഞാൻ വീണ്ടുമോർക്കുന്നത്..

ആ തത്തകളിപ്പോൾ എവിടെയായിരിക്കും?കുഞ്ഞുനാൾ മുതൽ വീട്ടിൽ വളർന്ന തത്തകൾക്ക് സ്വന്തമായി കാട്ടിൽ കൂടുകണ്ടെത്താനാവുമോ ?
അവ മരിച്ചുപോയിട്ടുണ്ടാവും.
എങ്കിൽ അവയുടെ മക്കൾ,
മക്കളുടെ മക്കൾ, മക്കളുടെ മക്കളുടെ മക്കൾ... ആ പരമ്പരയിലെ ആരെങ്കിലുമിപ്പോൾ എവിടെയെങ്കിലും....?
തലമുറകൾ വഴി കൈമാറിക്കിട്ടിയ പൂർവികരുടെ ഗൃഹസ്ഥാശ്രമകാലം അവരിപ്പോഴും ഓർമ്മിക്കുന്നുണ്ടാവുമോ?

**അജ്മൽ കക്കോവ്**



# എന്റെ കാശ്മീർ യാത്രയിൽ നിന്നും ഒരു ഏട്

01/ 05 / 2023

ഞങ്ങളുടെ പെഹൽഗാം യാത്ര രാവിലെ 6മണിക്ക് ആരംഭിച്ചു . അതിമനോഹരമായ 4വരി പാതയിലൂടെ അർജുൻ ഭായി അതിവേഗം വാഹനം ഓടിക്കുന്നുണ്ട്. കാരണം ഏതാണ്ട് 90 കി.മി. ദൂരം ഇന്ന് യാത്ര ചെയ്താൽ മാത്രമേ പെഹൽഗാമിലെത്താനാകു. കൃഷിയിടങ്ങളിലൂടെ കടന്നുപോകുന്ന ടോൾ റോഡാണിത് (NH-44) കുറച്ചു ദൂര മോടിയപ്പോൾ പ്രധാന റോഡിൽ നിന്നും ഇടതുവശ ശേക്ക് മറ്റൊരു റോഡിലേക്ക് തിരിഞ്ഞു. റോഡിലേനിരുവശവും ആപ്രിക്കോട്ട് മരങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. ഇലകളിലെ വ്യത്യാസം മാറ്റി നിർത്തിയാൽ ദൂരെ നിന്നും നോക്കു മ്പോൾ ഇത് ആപ്പിൾ മരമാണെന്ന തോന്നൽ ജനിപ്പിക്കുന്നു. കശ്മീരിലെ മറ്റെല്ലായിടത്തുമെന്ന പോലെ ജിഐ ഷീറ്റുകൊണ്ട് നിർമ്മിച്ച കൂർത്ത മേൽക്കൂരകളോടുകൂടിയ ഭവന നിർമ്മാണമാണിവിടേയുമുള്ളത് .

ഒട്ടേറെ ചെറു ഗ്രാമങ്ങളിലൂടെയാണ്
ഞങ്ങൾ കടന്നു പോയിക്കൊണ്ടിരിക്കുന്നത്
നാളത്തെ പ്രഭാതത്തിലേക്കുണരാമെന്ന ശുഭപ്രതീക്ഷയോടെ.

(ഉണ്ണികൃഷ് ണൻ വയനാട്)



# പൂവ്

പുവേ പുവേ കൊഴിലേ
പുന്തെന്നലു വന്നു വിളിചാൽ
പൊവലേ
പുലരി പുതു മഴയിൽ ഇതളു
പോഴിയ്ക്കലേ
പുതു മണ്ണിനു ചുടാനൊരു പുവിത-
ളും നല്കലേ
ഈറണൻ മുടിയിൽ ചൂടാനൊരു
പൂവിതളും നല്കലേ
വെള്ളിനിലാവിലലിഞ്ഞി പുഞ്ചിരി
മായ്ക്കലേ
പുവണ്ടിൻ പ്രണയം പൊള്ളാണേ
നിന്നെ കാണാനെന്നും കൊതിയാണേ
എനിക്കു നിന്നെ കാണാനെന്നും
കൊതിയാണേ പുവേ



# ജലം

കുടിയ്ക്കുവാൻ വേണം ജലം
കുളിക്കുവാൻ  വേണം ജലം
നമുക്കലക്കുവാൻ വേണം ജലം
അഴുക്കകറ്റുവാൻ വോണം ജലം

ജലക്ഷാമമിന്നു
നാടാകെ രൂക്ഷമ
ജനക്ഷേമമതിനാ.
ലെത്രയോ കഷ്ടം
അരുതരുത്
ദുരുപയോഗമരുതതിനാൽ
അരുതരുത്
ജല ദുരുപയോഗമരുത്


ജലമമൂല്യമാണ്
അത് അറിയുക ജനതേ
ജലമമൂല്യമാണ്
അത് കരുതുക ജനതേ
മലിനമാക്കരുത് മാനവാ
അതു മലിനമാക്കരുത് മാനവാ
അതു മലിനമാക്കരുത് മാനവാ



# സ്നേഹസമ്പന്ന

ഞാൻ ചന്തു .എന്റെ  വീട്ടിൽ ഞാൻ ,അമ്മ, അനിയത്തി ,
ചെറിയച്ഛൻ ചെറിയമ്മ, അവരുടെ മകൻ എന്നിവരാണു
താമസിക്കുന്നതു . ഞാൻ നാടിൻപുറത്താണു താമസിക്കുന്നതു. എന്റെ അച്ഛ്ൻ
7 വർഷം മുൻപ് മരിച്ചു
പോയി.ഞാൻ ഡിഗ്രിക്കു പഠിക്കുന്നു. എന്റെ അനിയത്തി
പത്താംക്ലാസ്സിലും.എന്റെ അമ്മക്കു നാൽപതിനടുത്തു
വരും പ്രായം. ചെറിയച്ഛനു 36വയസ്സും ചെറിയച്ഛനും
ഗൾഫിൽ ആയിരുന്നു. അവിടെ അവർക്കു ചെറിയ
കട ഉണ്ടായിരുന്നു. ആച്ഛന്റെമരണ ശേഷം
അവിടെയുള്ളതെലാം വിറ്റു ചെറിയച്ഛൻ  നാട്ടിൽ  സൂപ്പർ
മാർക്കറ്റാണ്. കൂടെ കുറച്ചു സാമൂഹികപ്രവർത്തനവും
ഉണ്ടായിരുന്നു.  ചെറിയചാഛനെ നാട്ടുക്കാർക്കു
വളരെ ബഹുമാനമായിരുന്നു.

വലിയൊരു    ലോകം
മുഴുവൻ   നന്നാവാൻ
ചെവിയൊരു   സൂത്രം
ചെവിയിലോതാം ഞാൻ
സ്വയം   നന്നാവുക



# IT

Information technology (IT) is the use of any computers, storage, networking and other physical devices, infrastructure and processes to create, process, store, secure and exchange all forms of electronic data.



## ചരിത്രം

1976 ൽ കണിയാമ്പറ്റക്കാരുടെ ചിരകാലാഭിലാഷമെന്നോണം സ്ഥാപിതമായതാണ് ഈ സരസ്വതി ക്ഷേത്രം.ശ്രീ വാഴയിൽ കുഞ്ഞബ്ദുള്ള ഹാജി,ശ്രീ പള്ളിയറ രാമൻ,ശ്രീ കിട്ടൻ മാഷ് തുടങ്ങിയ പൗര പ്രമുഖരുടെ നിരന്തരമായ ശ്രമഫലമായാണ് ഈ സ്ഥാപനം ഇവിടെ ഉണ്ടയത്

# മഹാമാരി

ഒരു പ്രോട്ടീൻ പാളിക്കുള്ളിൽ നിന്ന് നീ
ലോകയുദ്ധം പ്രഖ്യാപിച്ചപ്പോൾ
തോറ്റുപോകാതിരിക്കാൻ കൂടി
ഞങ്ങളെ പഠിപ്പിക്കുകയായിരുന്നു
ആയിരം യുദ്ധചരിത്രങ്ങൾ പോലും
പഠിപ്പിക്കാത്ത മഹത്തായ പുസ്തകം
സ്വയം ഞങ്ങളുള്ളിൽ എഴുതിപ്പഠിച്ചിരിക്കുന്നു
ഭൂഖണ്ഡങ്ങളും രാജ്യങ്ങളും
വെറും പേരുകൾ മാത്രമായി
സർവ്വനാശത്തിന്റെ ആയുധങ്ങൾ
ഇനിയാവശ്യമില്ലാത്ത വിധം
അകത്തളങ്ങളിലാണ്ടു പോയി
ആഡംബരത്തിന്റെ അവസാനവാക്കും
നീർക്കുമിളക്കുപോലും സമമല്ലെന്ന
നിലപാട് തറയിലുറച്ചു പോയി
ഞങ്ങൾ മതങ്ങളുടെ വേലിക്കെട്ടുകൾ

തകർത്തെറിഞ്ഞു
കേവലസ്നേഹമെന്ന മതവും ഭാഷയും
സംസ്കാരവും അനാദിയിലെന്ന പോൽ
ഒരുൾചിരാതിന്റെ ശാന്തിയായ്
ഞങ്ങളിലുരുവമായുണർന്നു

# GHSS KANIYAMBETTA

## LITTLE KITES

ഗവ. എച്ച് എസ് എസ് കണിയാമ്പറ്റ/ലിറ്റിൽകൈറ്റ്സ്
https://schoolwiki.in/sw/1el3
< ഗവ. എച്ച് എസ് എസ് കണിയാമ്പറ്റ

ഇന്ത്യയിലെ ഏറ്റവും വലിയകുട്ടികളുടെ ഐ.ടിക്കൂട്ടായ്മയായ ലിറ്റിൽകൈറ്റ്സിന്റെ ജി എച്ച് എസ്എസ് കണിയാമ്പറ്റ യൂണിറ്റ് അംഗങ്ങൾക്ക് കേരള ഇൻഫ്രാ സ്ട്രക്ടചർആൻഡ് ടെക്നോളജി ഫോർ എജ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നൽകുന്ന പരിശീനത്തിന്റെ ഭാഗമായാണ് പരിശീലനം. പരിശീനത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ഹെഡ്മിസ്ട്രസ്സ് എം കെ ഉഷാദേവിയുടെ അധ്യക്ഷതയിൽ പി.ടി.എ പ്രസിഡണ്ട് അബ്ദുൽ ഗഫൂർ കാട്ടി ഉദ്ഘാടനം ചെയ്തു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന ഹൈടെക് ക്ലാസ്സ് മുറികളുടെ സജ്ജീകരണം, ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാക്കൽ, സംരക്ഷണവും പരിപാലനവും ,സ്കൂളിലെ തന്നെ മറ്റു വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് ഐ.ടി പരിശീലനം നൽകൽ തുടങ്ങിയവ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ ഉത്തരവാദിത്വങ്ങളാണ്. ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്ക്, ഗ്രാഫിക് ഡിസൈൻ, ഹാർഡ്‌വെയർ,മലയാളം കമ്പ്യൂട്ടിംഗ്,പ്രോഗ്രാമിംഗ്, സൈബർസുരക്ഷ,ഇലക്ട്രോണിക്സ്, ആനിമേഷൻ എന്നിവയിൽ വിദഗ്ദ പരിശീലനവും ,യൂണിറ്റ്,ഉപജില്ലാ,ജില്ലാ,സംസ്ഥാന ക്യാംപും നടക്കും. ഏകദിന പരിശീലത്തിൽ ലീഡറായി ഭരത് ഡി യെയും ഡെപ്യൂട്ടി ലീഡറായി മാജിതയെയും തെരെഞ്ഞെടുത്തു.കൈറ്റ്സ് പരിശീലകനായ ശ്രീ ഷാജു സാർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു.പി.ടി.എ പ്രസിഡണ്ട് അബ്ദുൽ ഗഫൂർ കാട്ടി യൂണിറ്റിന് എല്ലാ വിധ സഹായങ്ങളും വാഗ്ദാനം ചെയ്തു. ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്മാരായ ബിന്ദു എം,ജയ കെ എൻ എന്നിവരാണ് ജി എച്ച് എസ് എസ് കണിയാമ്പറ്റയിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.



## ഊട്ടിയിലേക്കൊരു യാത്ര

യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്നു. ഇത്തവണത്തെ ക്രിസ്തുമസ് അവധിക്കാണ് ടി .വി യിലും യൂട്യൂബിലും മാത്രം കണ്ടിരുന്ന ഊട്ടിയിലേക്ക് നം എന്റെറ കുടുംബവും ബന്ധുക്കളും ഉൾപ്പെടെ എട്ട് പേരടങ്ങുന്ന സംഘവുമായി ഇന്നോവ കാറിലായിരുന്നു ഞങ്ങൾ ഡിസംബർ 25 പുലർച്ച 4 മണിക്ക് ഊട്ടി ലക്ഷയമാക്കി യാത്ര പുറപ്പെട്ടു . എട്ടുമണിയായപ്പോൾ പോകുന്ന വഴിയരികിലെ ഹോട്ടലിൽ പ്രഭാത ഭക്ഷണം കഴിക്കാൻ കയറിയിരുന്നു . പിന്നെ ഗൂഡല്ലൂർ പട്ടണം പിന്നിട്ട ഞങ്ങൾ ആദ്യം എത്തിച്ചേർന്നത് മനോഹരമായ വ്യൂ പോയന്റിൽ ആയിരുന്നു . നാലു ഭാഗത്തും മനോഹരമായ കാഴ്ചകൾ . ഗൂഡല്ലൂർ പട്ടണത്തിന്റെ ആകാശ കാഴ്ച ,ഞങ്ങളെ പേടിപ്പെടുത്തുന്ന അഗാധമായ കൊക്ക , ഞങ്ങളെ നോക്കി ചിരിക്കുന്ന വലിയ കൊടിമുടികൾ ഇതെല്ലാമായിരുന്നു ഞങ്ങൾ അവിടെ കണ്ടത് . വീണ്ടും യാത്ര തുടർന്നു.

തണുപ്പ് കൂടി കൂടി വരുന്നതായി എനിക്ക് അനുഭവപ്പെട്ടു .പിന്നീട് ഞങ്ങൾ എത്തിയത് ഊട്ടിയിലെ ഷൂട്ടിംഗ് കുന്നിൽ ആയിരുന്നു . എത്രയോ സിനിമ പാട്ടുകളിൽ കണ്ട ആ കുന്നിൽ സന്ദർശകരുടെ ഒഴുക്കായിരുന്നു അവിടെ നിന്ന് ഫോട്ടോകൾ എടുക്കുകയും ചെയ്തു . കുന്നിൻ ചെരുവിൽ കുതിര സവാരിയിൽ ഏർപ്പെട്ടുന്ന പലരെയും കണ്ടിരുന്നു . പിന്നെ ഞങ്ങൾ പോയത് ഉച്ച ഭക്ഷണത്തിനായിരുന്നു . കാറിലിരുന്ന് നാട്ടിൽ നിന്ന് കൊണ്ടുവന്ന ബിരിയാണി കഴിച്ച ശേഷം ഞങ്ങൾ യാത്ര തുടർന്നു .അതിനിടയിൽ ഞാൻ ഉറക്ക നിദ്രയിലാണ്ടു പോയി .ഊട്ടി തടാകത്തിലെത്തിയപ്പോൾ ആണ് അമ്മ എന്നെ വിളിച്ച് എഴുന്നേൽപ്പിച്ചത് അവിടെ അങ്ങനെ സമയം ചിലവഴിച്ചു .പിന്നെ പോയത് ഊട്ടിയിലെ പ്രശസ്തമായ തേയില കമ്പനി കാണുവാൻ ആണ് . അവിടെ അങ്ങനെ മണിക്കൂറുകളോളം ചെലവഴിച്ചു . അപ്പോഴേക്കും സമയം 5മണി കഴിഞ്ഞിരുന്നു .പിന്നെ ചായയൊക്കെ കുടിച്ചു വേഗം യാത്ര തിരിച്ചു. കാർ പതിയെ പോകുന്നതിനനുസച്ച് ഉറക്ക് ക്ഷീണം എന്നെ കീഴടക്കി യാത്രയിലിടക്ക് ഉറക്കമുണർന്ന് പുറത്തേക്ക് നോക്കുബോൾ രാത്രിയുടെ ഭംഗി എങ്ങും പരന്നിരുന്നു ഒരു 12മണിയോടെ വീട്ടിൽ തിരിച്ചെത്തി . അമ്മ തന്ന ചൂട് കഞ്ഞിയും കുടിച്ച് ഞാൻ ആ മനോഹര യാത്രാനുഭവം മനസ്സിൽ കുറിച്ചിട്ടു............


riya fathima 9A




# ജി.എച്.എസ്.എസ്.കണിയാമ്പറ്റ

## പച്ചപ്പ്

എവിടെ ആ പച്ചപ്പ്
എവിടെ ആ പുഴകൾ
ഈ മാറും ലോകത്ത് എവിടെ
ആ ഹരിതകണങ്ങൾ
നാലു പാടം എന്നെ ചുറ്റയ
ആ മരങ്ങൾ
ഇന്നെവിടെ പോയി എവിടെ
വന്ന് മറിഞ്ഞു
ഈ ലോകം എങ്ങോട്ടാണ്
മരങ്ങളില്ല ...പുഴകളില്ല ...പച്ചപ്പില്ല
നാലു പാടും കെട്ടിടങ്ങൾ
ആകാശം മുട്ടെ ഉയരുന്ന കെട്ടിടങ്ങൾ
ഇന്ന് എന്നെ ചുറ്റി വളയുന്നു
എനി ആ പച്ചപ്പ് തിരിച്ച് വരുമോ
ആ ഹരിതകണങ്ങൾ
മാറും ലോകമേ തിരിച്ച്തരുമോ ആ ഹരിത
കണങ്ങൾ......









# ***Good Thoughts***

***1.Every day is a good day***
***2.First things always first***
***3.Rightly think befor you speake***
***4.dream big, Dare to fail***
***5.Education prepers you for the future***
***6.I think Ican,I know I can***
***7.Your attitude determines your direction***
***8.Preparation is the key to succes***
***9. Where there is a will,There is a way***
***10.A friend is need is a friend indeed***



# Preserving Nature: A Call to Action"

Ladies and Gentlemen,

Good [morning/afternoon/evening],

I stand before you today to address a matter of utmost importance - the conservation of our precious natural resources. Our planet, Earth, is a delicate ecosystem that sustains all life forms. Unfortunately, over the years, we have witnessed a rapid decline in the health of our environment due to various human activities. Today, I would like to draw your attention to the critical need for the conservation of nature and the role each one of us must play in this endeavor.

Nature, with its rich biodiversity and intricate ecosystems, provides us with the air we breathe, the water we drink, and the food we eat. It is the source of our existence and the home to countless species. However, our relentless exploitation of natural resources, deforestation, pollution, and climate change are putting this delicate balance at risk. It is our moral and ethical responsibility to preserve and protect the environment for the well-being of current and future generations.

Conservation of nature involves adopting sustainable practices, promoting biodiversity, and mitigating the impact of climate change. It requires a collective effort, and each individual can make a difference. Simple acts, such as reducing waste, recycling, planting trees, and using energy-efficient technologies, contribute significantly to the cause.

Education plays a vital role in fostering a sense of responsibility towards nature. We must educate ourselves and others about the importance of biodiversity, the consequences of environmental degradation, and the benefits of sustainable living. Knowledge empowers us to make informed decisions that can positively impact the environment.

Government bodies, businesses, and communities also play crucial roles in conservation efforts. Policies that promote sustainable practices, stringent environmental regulations, and community-based initiatives can go a long way in preserving our natural heritage.

In conclusion, the conservation of nature is not just a choice; it is a necessity. It is our duty to protect the Earth and ensure a sustainable future for all. Let us commit ourselves to the cause of environmental conservation, adopting responsible habits and inspiring others to do the same. Together, we can make a profound impact and secure a thriving planet for generations to come.

Thank you.

# The Wisdom of the Old Oak Tree

Once upon a time in a quaint village, there stood a majestic old oak tree named Oliver. This wise tree had witnessed generations come and go, sharing its shade and wisdom with all who sought refuge beneath its branches.

One summer day, a group of mischievous children discovered the tree and decided to have some fun. They threw stones at the tree, carved their initials into its trunk, and teased the wise old oak. Despite the mistreatment, Oliver remained patient and silent, knowing that there was a lesson to be learned.

One day, an elderly woman named Clara visited the village. She had heard tales of the old oak's wisdom and sought its counsel. Intrigued by her genuine curiosity, Oliver decided to share a story.

"Long ago," began Oliver, "there was a time when this village faced a severe drought. The rivers dried up, and the crops withered away. The villagers were desperate, so they turned to me for help. I told them to dig a well near my roots, and there, they found a hidden underground spring that saved the village from despair."

Clara listened attentively, and the children, who had once teased the tree, overheard the tale. Realizing the old oak's significance, they felt remorseful for their previous actions.

With newfound respect, the children apologized to Oliver, promising to care for the tree and protect it from harm. Clara, too, thanked the tree for its wisdom and shared the lesson with the villagers.

The village learned that wisdom often comes from unexpected sources, and the misdeeds of the past can be mended through understanding and respect. From that day forward, the children became the guardians of the old oak tree, ensuring its well-being and preserving its legacy.

The moral of the story is that wisdom can be found in unexpected places, and showing respect for others, including nature, can lead to valuable lessons and a harmonious community.

# SPEECH

***Honorouble chief guest , Respected head mistress , other dignitaries on the dias , teachers and my dear frinds , Awarm good morning to all .***
***I am very happy to stand before you to speak a few words about . Nature is beautiful . God is great I am like and love the nature .I think the topic is a very familiar one forall of you . Iam not an expert in public speaking. But let me try some words, nature is very beautifull. All of you like and love the nature and all of you protuct the nature.let me conclude my speech .***

***Thank you.***

# NEWS REPORT

## *FROM ASHES TO LIFE*

**STAFF REPORTER**
**PUCALPA, 1971,DEC-24**

**The lansa air lines sheduled from lima to pucalpa was crushed pieses in an air crash 30 minutes after the take off . All the 92 passengers except a 17 year old girl , juliane kopke died on the sport . She is the onlysurvivor of the attack and was going to meet her dad along with her mother . When the plane explod-ed she was thrown out still strapped . To her seat . She wasnot stopped by the rescueteam and had to spent eleven and half day in the dence forest . Finally she was rescued, by the mestizo hunders who took her to tournavita and then handed over to her father juliane copcke was congratulated by people all over the world for her bravery and strong will power.**

## *PROFILE OF RAY DOUGLAS BRADBURY*

## *PROFILE*

***RAY DOUGLAS BRADBURY WAS AN AMERICAN AUTHER AND SCREEN WRITER.HE WAS BORN ON 22-AUGUST-1920. HE WORKED IN A VARIETYOF GENR-ES,INCLUDING FANTASY, SCIENCE FICTI-ON, HORROR, AND MISTERY FICTION. HE IS THE RECIPIENT OF NUMEROUS AWARDS, INCLUDING A 2007 PULIZER CI-TATION. MANY OF HIS WORKS WERE AD-APTED TO COMIC BOOK, TELEVISION, AND FILM FORMATES.HE DIED ON 5-JUNE-2012***

# പൊൻമുട്ടയിടുന്ന താറാവ്

എല്ലാ
ദിവസവും

ആ

കൃഷികാരൻ കൂട്ടിൽ പോയി
നോക്കുമ്പോൾ താറാവ് ഒരു
തിളങ്ങുന്നസ്വർണ്ണ മുട്ട
ഇട്ടിട്ടുണ്ടായിരിക്കും.
അയാൾ അത് ചന്തയിൽ
കൊണ്ടു പോയി
വിൽക്കുകയും അങ്ങനെ
ധനികനാവുകയും ചെയ്തു
പക്ഷെ ഇത് അധികനാൾ
നീണ്ടു നിന്നില്ല. എല്ലാ
ദിവസവും ഒരു മുട്ട മാത്രം
ലഭിക്കുന്നതോർത്ത് അയാൾ
നിരാശനായി.
പെട്ടെന്ന് ധനികനാകാൻ
അയാൾ ആഗ്രഹിച്ചു.
ഒരു ദിവസം പണമൊക്കെ
എണ്ണി തിട്ടപ്പെടുത്തി വെച്ച്
കഴിഞ്ഞപ്പോൾ അയാൾ
ക്കൊരു ആശയം ഉദിച്ചു.
ഞാൻ ആ താറാവിനെ
ക്കൊന്ന് അതിലുള്ള എല്ലാ
മുട്ടകളും പുറത്തെടുക്കും.
അപ്പോൾ എനിക്ക്
പെട്ടെന്ന് ധനികനാവാം.
അത്യാഗ്രഹിയായ ആ മനുഷ്യൻ
ആ താറാവിനെ കൊന്ന്
അതിന്റെ വയറ് തുറന്ന്

# സമർത്ഥനായ കാക്ക

ഒരിക്കൽ ഒരു കാക്ക
ദാഹിച്ചു വലഞ്ഞു വെള്ളം
അന്വേഷിച്ചു പറക്കുകയായിരുന്നു
അത് കുറേ ദൂരം പറന്ന ശേഷം
ഒരു വീടിൻെ്റ മുറ്റത്ത് ഒരു ഭരണി
കാണുവാനിടയായി. അത് ഭരണിയുടെ
വക്കിൽ കയറിയിരുന്ന് വെള്ളമുണ്ടോ
എന്നറിയുവാൻ ഉള്ളിലേയ്ക്ക് നോക്കി.
പക്ഷേ,കുറച്ചു വെള്ളം മാത്രമേ
അതിൻെ്റ അടിയിൽ ഉണ്ടാരുന്നുള്ളൂ.
കാക്ക വെള്ളം കിട്ടുന്നതിനു വേണ്ടി
തല താഴ്ത്തി നോക്കി. പക്ഷേ
സാധിച്ചില്ല
അവസാനം അത്
ഒരു.ഉപായം കണ്ടുപിടിച്ചു.
ഭരണ്ടിയുടെ അടുത്ത് കുറെ കല്ലുകൾ
കിടന്നിരുന്നു. ബുദ്ധിമനായ കാക്ക ആ
കല്ലുകൾ എല്ലാം പെറുക്കി ഓരോന്നായി
വെള്ളത്തിലിട്ടു.അപ്പോൾ വെള്ളം
പതുകെ ഉയർന്ന്
പാത്രത്തിൻെ്റ വക്കോളമെത്തി. കാക്ക
മതിയാവോളം വെള്ളം കുടിച്ച് പറന്ന് പോയി

# കൂടിയാട്ടം

കൂടിയാട്ടം

കേരളീയ സംസ്കൃത അഭിനയത്തിലെ ഒരു നൃത്ത കലയാണ് കൂടിയാട്ടം ഇത് കൂത്ത്എന്നപേരിലും അറിയപ്പെടുന്നു. കൂടിയാട്ടം കൂടുതലായും അമ്പലങ്ങളിൽ ആണ് അവതരിപ്പിക്കുന്നത് യുനെസ്കോ അംഗീകരിച്ച ഭാരതീയ നൃത്തരൂപമാണ് കൂടിയാട്ടം. 300 വർഷം പഴക്കമുള്ള സംസ്കൃത കലാരൂപമായ കൂടിയാട്ടം അഭിനയത്തിന്റെ അമ്മയെന്നും അറിയപ്പെടുന്നു .41 ദിവസമാണ് കൂടിയാട്ടം പൂർത്തിയാക്കാൻ വേണ്ടത്. കൂടിയാട്ടത്തിൽ ആണിന് ചാക്യാർ എന്നും പെണ്ണിന് നങ്ങ്യാർ എന്നുമാണ് വിളിക്കുന്നത്. പ്രധാന വാദ്യോപകരണങ്ങളാണ് മിഴാവ്, ഇടയ്ക്ക, കുരുക്കുഴൽ, കുഴിനാളം , ശംഖ് എന്നിവ.മിഴാവ് കൊട്ടുന്നയാളെ നമ്പ്യാർ എന്നാണ് പറയുന്നത്. അഭിനയങ്ങൾ നാലു വിധത്തിലാണ് ആംഗികം വാചികം ആഹാര്യം സ്വാതികം. പ്രധാനമായും 9 രസങ്ങൾ ഉണ്ട് അതുകൊണ്ട് തന്നെ ഇത് നവരസങ്ങൾ എന്നറിയപ്പെടുന്നു.നവരസങ്ങൾ :ശൃംഗാരം, കരുണം, വീരം, രൗദ്രം, ഹാസ്യം, ഭയാനകം, ഭീബൽസം അത്ഭുതം, ശാന്തം എന്നിവയാണ്. വേഷങ്ങൾ പച്ച , മിനുക്ക്, കറുപ്പ്, നാരി, കരി, കത്തി . ഒരു ക്ഷേത്ര കലാരൂപമായ കൂടിയാട്ടം കേരളത്തിൽ ഇന്നും അറിയപ്പെട്ടു വരുന്നു.

നവരസങ്ങൾ :
ശൃംഗാരം, കരുണം, വീരം, രൗദ്രം, ഹാസ്യം, ഭയാനകം, ഭീബൽസം അത്ഭുതം, ശാന്തം

# വിലയേറിയ സൗഹൃദം

ഒരു ഗ്രാമത്തിലെ കുറച്ച് തത്തകൾ അവരുടെ ഗ്രാമത്തിലെ മരങ്ങളെല്ലാം മനുഷ്യന്മാർ വെട്ടി നശിപ്പിച്ചതിനാൽ അവർ അവരുടെ ഗ്രാമം വിട്ട് മറ്റൊരു ഗ്രാമത്തിലേക്ക് താമസം മാറി. അവിടെയുണ്ടായ ഒരു പഴയ മരം താമസത്തിനായി അവർ കണ്ടെത്തി ,അവിടെ പണ്ടുമുതൽ താമസിച്ചുവരുന്ന കാക്കകൾ ഉണ്ടായിരുന്നു .കാക്കകൾ കറുത്ത നിറം ആയതുകൊണ്ട് അവർക്ക് ഇഷ്ടപ്പെട്ടില്ല പക്ഷേ ആ മരത്തിന് തത്തകളെക്കാൾ ആയിരുന്നു ഇഷ്ടം കാക്കകളെ ആയിരുന്നു. തത്തകൾക്ക് അത് ഇഷ്ടമായിരുന്നില്ല തത്തകൾ പാട്ടുപാടിയും കഥ പറഞ്ഞു ആകർഷിക്കാൻ നോക്കി തത്തകളോട് മരം സൗഹൃദം കൂടിയെങ്കിലും കാക്കകളോട് ആയിരുന്നു കൂടുതൽ സൗഹൃദം കാക്കകൾ പുറത്തുപോയ സന്ദർഭം നോക്കി തത്തകൾ ചോദിച്ചു ഞങ്ങളെ കാണാൻ കാക്കകളെക്കാൾ ഭംഗിയില്ലേ പിന്നെ എന്തുകൊണ്ടാണ് നിനക്ക് ഞങ്ങളെക്കാൾ അവരെ ഇഷ്ടം അപ്പോൾ മരം പറഞ്ഞു നിങ്ങൾ കുറച്ച് കാലം കഴിഞ്ഞാൽ എന്നെ വിട്ടു പോകും കാക്കകളും നിങ്ങളെ വിട്ടു പോകുലെ തത്തകൾ ചോദിച്ചുഅപ്പോൾ മരം പറഞ്ഞു ഇല്ല നിങ്ങൾ കുറച്ച് കാലം കഴിഞ്ഞാൽ എന്നെക്കാൾ നല്ലൊരു മരം കിട്ടുമ്പോൾ എന്നെ വിട്ടു പോകും എന്നാൽ കാക്കകൾ കുറേക്കാലമായി എന്നെ വിട്ടു പോയിട്ടില്ല അവർ ഇനി പോകില്ല എന്ന് എനിക്ക് ഉറപ്പുമുണ്ട് എന്നും നിലനിൽക്കുന്ന സൗഹൃദങ്ങളാണ് വിലയറിയത്

GHSS KANIYAMBETTA

# THANK YOU